# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4081 26.06.2013 - ൽ മറുപടിക്ക്

**വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണത്തിൽ മുൻകാല പ്രാബല്യത്തോടു കൂടി ആനുകൂല്യങ്ങൾ നൽകിയെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുത്തിയത് 4 മാസത്തെ കുടിശ്ശിക ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ടാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണ തീയതിയായ 01.07.2009 മുതൽ തന്നെയാണ് വാട്ടർ അതോറിറ്റിയിലും പെൻഷൻ പരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളത്. |
| (ബി) | ഇത് വിവേചനമായി കരുതുന്നുണ്ടോ ; | (ബി) | പ്രാബല്യത്തീയതി ഒന്നാകയാൽ വിവേചനം ഉള്ളതായി കാണുന്നില്ല. |
| (സി) | പെൻഷൻ കുടിശ്ശിക അർഹരായവർക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും പെൻഷൻ കുടിശ്ശിക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക നല്കുന്ന കാര്യത്തിൽ തീരുമാനമെടുത്തത് സ്ഥാപനത്തിന്റെ സാമ്പത്തിക നില കൂടി കണക്കിലെടുത്താണ്. |

സെക്ഷൻ ഓഫീസർ